മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സ്വയംഭരണ കോളേജുകൾ- സിലബസ് ട്രാൻസ്ക്രിപ്റ്റ് ആധികാരികപ്പെടുത്തുന്നത്- ഉപരിപഠനത്തിനും മറ്റു ആവശ്യങ്ങൾക്കുമായി ഇൻഡ്യയ്ക്ക് വെളിയിൽ പോകുന്ന വിദ്യാർത്ഥികൾക്ക് അവിടെ സമർപ്പിക്കുന്നതിനായി സർവ്വകലാശാല അംഗീകാരം/ഡീമിംഗ് അംഗീകാരം നൽകിയ സിലബസിന് സർവ്വകലാശാല ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് നൽകാവുന്നതാണെന്ന് തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് ബി VII സെക്ഷൻ**

നമ്പർ: 2470/എ. സി.ബി.VII /1/ 2019 പി.ഡി.ഹിൽസ്, തീയതി, 05/09/2019

പരാമർശം:(1) 30/04/2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം.34/19.03/190087
(2) 17/07/2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം.34/19.03/190087
(3) 17/08/2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം.44/19.07/190564

## ഉത്തരവ്

സ്വയംഭരണ കോളേജായ ചങ്ങനാശേരി എസ്.ബി. കോളേജ് പ്രിൻസിപ്പൽ നൽകിയ 2015-16 അഡ്മിഷൻ എം.ബി.എ. പ്രോഗ്രാമിന്റെ സിലബസ് ട്രാൻസ്ക്രിപ്റ്റ്, ആധികാരികപ്പെടുത്തുന്നതിനായി WES നൽകിയ അപേക്ഷ പരാമർശം (1) പ്രകാരം ചേർന്ന സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും, വിശദമായ പഠനത്തിന് സിൻഡിക്കേറ്റിന്റെ അക്കാദമിക് ഉപസമിതിയുടെ പരിഗണനയ്ക്ക് നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. പരാമർശം (2) പ്രകാരം ചേർന്ന സിൻഡിക്കേറ്റ് യോഗം ഈ വിഷയം പരിഗണിക്കുകയും, സ്വയംഭരണ കോളേജുകൾ തന്നെയാണ് അവിടെ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ സിലബസ് ട്രാൻസ്ക്രിപ്റ്റ് നൽക്കേണ്ടതെന്നും സർവ്വകലാശാല അംഗീകരിച്ച Scheme and Syllabus ആണ് സ്വയംഭരണ കോളേജ് പിൻതുടരുന്നതെങ്കിൽ അവർക്ക് ഒരു other certificate issue ചെയ്യാൻ അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

എന്നാൽ സ്വയംഭരണ കോളേജുകളിൽ പഠിച്ച് കോഴ്സ് പൂർത്തിയാക്കി സർവ്വകലാശാലയിൽ നിന്നും പ്രൊവിഷണൽ സർട്ടിഫിക്കറ്റും, ഡിഗ്രി സർട്ടിഫിക്കറ്റും നേടിയ വിദ്യാർത്ഥികൾക്ക് ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് നൽകുവാൻ 08/02/2019-ലെ സ.യു.നം 631/2/എസിബി7/2019 പ്രകാരം ഉത്തരവായിരുന്നു.

കൂടാതെ, ഉപരിപഠനത്തിനും മറ്റു ആവശ്യങ്ങൾക്കുമായി ഇൻഡ്യയ്ക്ക് വെളിയിൽ പോകുന്ന വിദ്യാർത്ഥികൾക്ക് അവിടെ സമർപ്പിക്കുന്നതിനായി സർവ്വകലാശാല സാക്ഷ്യപ്പെടുത്തിയ ട്രാൻസ്ക്രിപ്റ്റാണ് ആവശ്യപ്പെടുന്നത്.

ഈ വിഷയങ്ങൾ പരിഗണിച്ച് പരാമർശം (3) പ്രകാരം ചേർന്ന സിൻഡിക്കേറ്റ് യോഗം താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

'17/07/2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗ തീരുമാനം (ഇനം.നമ്പർ 34/19.03/190087) താഴെ പറയുന്ന പ്രകാരം ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു.

ഉപരിപഠനത്തിനും മറ്റു ആവശ്യങ്ങൾക്കുമായി ഇൻഡ്യയ്ക്ക് വെളിയിൽ പോകുന്ന വിദ്യാർത്ഥികൾക്ക് അവിടെ സമർപ്പിക്കുന്നതിനായി സർവ്വകലാശാല അംഗീകാരം/ഡീമിംഗ് അംഗീകാരം നൽകിയ സിലബസിന് സർവ്വകലാശാല ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് നൽകാവുന്നതാണ് എന്നു തീരുമാനിച്ചു.'

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ബൈജു.എൻ**
**അസ്സിസ്റ്റന്റ് രജിസ്ട്രാർ IV (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്:

1. മെമ്പർ സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, ഓട്ടോണമി അപ്പ്രൂവൽ കമ്മിറ്റി
2. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പി.ഏമാർ
3. പ്രിൻസിപ്പൽ, സ്വയംഭരണ കോളേജുകൾ
4. രജിസ്ട്രാർ, ഫിനാൻസ് ഓഫിസർ, പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എമാർ